# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1623 4.12.2015-ൽ മറുപടിയ്ക്ക്**

## കോഴി വളർത്തൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കോലിയക്കോട് .എൻ.കൃഷ്ണൻ നായർ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ മന്ത്രി) |
| എ) കോഴിവളർത്തൽ കൃഷിയായി അംഗീകരിക്കുകയും കോഴി വളർത്തുന്നവരെ കർഷകരായി പരിഗണിക്കുകയും ചെയ്തിട്ടുണ്ടോ; ഇതു സംബന്ധമായി ഏതെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇവയുടെ പകർപ്പ് ലഭ്യമാക്കുമോ; | എ) | 28/3/2015 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 59/15/കൃഷി നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ച സംസ്ഥാന കാർഷികവികസന നയത്തിൽ കോഴിവളർത്തൽ കൃഷിയായി ഉൾപ്പെടുത്തിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) |
| ബി) കോഴി കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്നും എന്തെല്ലാം നൽകാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ആയത് ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്നും വിശദമാക്കുമോ? | ബി) | മുട്ടക്കോഴി വളർത്തൽ പദ്ധതിയ്ക്കായി അംഗീകൃത എഗ്ഗർ നഴ്സറികളായി പ്രവർത്തിച്ചുവരുന്ന നഴ്സറികൾക്ക് സർക്കാർ കോഴി വളർത്തൽ കേന്ദ്രങ്ങളിൽ നിന്നും ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുകയും വകുപ്പിന്റെയും തദ്ദേശസ്ഥാപനങ്ങളുടെയും പദ്ധതികൾക്കായി വിതരണം ചെയ്യുന്നതിനുള്ള അവസരമൊരുക്കി കൊടുക്കുകയും ചെയ്യുന്നു. മൃഗാശുപത്രികളിൽ നിന്ന് വാക്സിനേഷൻ അടക്കമുള്ള വെറ്ററിനറി സേവനങ്ങളും ഈ എഗ്ഗർ നഴ്സറികൾക്ക് സൗജന്യമായി നൽകി വരുന്നു.<br>നഗരപ്രദേശത്തെ മുട്ടക്കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്ക് മൃഗസംരക്ഷണ വകുപ്പിന്റെ എസ്.ആർ.ഇ.പി.(സ്ട്രാറ്റെജിക് റിസർച്ച് എക്സ്റ്റൻഷൻ പ്രോഗ്രാം) പദ്ധതിയിൽ ഉൾപ്പെടുത്തി നഗരത്തിൽ ഏറ്റവും അനുയോജ്യമായ കോഴിക്കൂട് ഡിസൈൻ ചെയ്ത് രണ്ട നഗരസഭകളിലെ 200 ഗുണഭോക്താക്കൾക്ക് കോഴിയും, കൂടും, തീറ്റയും മരുന്നും 50% സബ്സിഡി നിരക്കിൽ നൽകുന്നു. കൂടാതെ ഇന്റഗ്രേഷൻ കോഴി വളർത്തൽ പദ്ധതി, കോഴി വളർത്തൽ ഗ്രാമങ്ങൾ പദ്ധതി, കെപ്കോ ആശ്രയ പദ്ധതി, റൂറൽ ബാക്ക്യാർഡ് പദ്ധതി, കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി, കോൾ നിലങ്ങളിൽ കോഴി |

വളർത്തൽ , പട്ടിക ജാതിക്കാർക്ക് വേണ്ടിയുള്ള കോഴി വളർത്തൽ എന്നീ പദ്ധതികളും കെപ്കോ നടപ്പിലാക്കി വരുന്നു.

പൗൾട്രി വികസനത്തിനായി താഴെപറയുന്ന നയങ്ങൾ കാർഷികവികസന നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

29.8 നയം 216.അന്യസംസ്ഥാനത്ത് നിന്നും കൊണ്ടുവരുന്ന ബ്രോയിലർ കോഴിക്ക് പ്രവേശന നികുതി ഈടാക്കുകയും പ്രാദേശിക ഉല്പാദനത്തിനെ ഇതിൽ നിന്നും ഒഴിവാക്കുകയും വേണം.

29.9 നയം 217.സംസ്ഥാനത്തെ ഒരു ഇറച്ചിക്കോഴി കർഷകന് ഒരു വർഷത്തെ വിറ്റുവരവിൽ 10 ലക്ഷം രൂപ വരെയുള്ള തുകയ്ക്ക് നികുതിയിളവ് നൽകേണ്ടതാണ്.

29.10 നയം 218 ബ്രോയിലർ കൃഷിയെ ഒരു കാർഷിക പ്രവർത്തനമായി കണക്കാക്കി, ഇതിനാവശ്യമായ വൈദ്യുതി, കാർഷിക വൈദ്യുതി നിരക്കിൽ ലഭ്യമാക്കണം.

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

കൃഷി വകുപ്പ് - സംസ്ഥാന കാർഷിക വികസന നയം അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

കൃഷി (ആസൂത്രണം - ബി) വകുപ്പ്

സ.ഉ.(പി)നമ്പർ.59/ 15/കൃഷി തീയതി, തിരുവനന്തപുരം, 28.03.2015

==================================================================

പരാമർശം :- 1. കേന്ദ്ര കൃഷി വകുപ്പ് മന്ത്രാലയത്തിന്റെ D.O.No.2-17/2013-Policy തീയതി 01.01.2014.

2. കൃഷി വകുപ്പ് ഡയറക്ടറുടെ 02.07.2014-ലെയും, 20.03.2015 ലെയും റ്റി.പി (1) 35761/2014 നമ്പർ കത്തുകൾ.

## ഉത്തരവ്

കേരളത്തിന്റെ സാമ്പത്തിക വികസനത്തിന്റെ അഭിഭാജ്യ ഘടകങ്ങൾ കൃഷിയും, അനുബന്ധ മേഖലകളുമാണ്. ജനസംഖ്യയുടെ മൂന്നിൽ രണ്ട് ഭാഗം ജനങ്ങളുടെയും ജീവിത മാർഗ്ഗം കൃഷിയാണ് . കൂടാതെ സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനത്തിന്റെ നാലിൽ ഒന്ന് സംഭാവന ചെയ്യുന്നത് കൃഷിയും അനുബന്ധമേഖലയുമാണ്. എന്നാൽ സംസ്ഥാനത്ത് ജനസാന്ദ്രത വളരെ കൂടുകയും കൃഷിയിലൂടെ ധനം സമ്പാദിക്കുന്ന രീതിവിട്ട് കൃഷി ഭൂമി മറ്റ് ധനാഗമമാർഗ്ഗങ്ങൾക്കുള്ള ആസ്തിയായി ഉപയോഗിക്കാൻ തുടങ്ങിയതോടെ നിരവധി കർഷകർ കൃഷിയിൽ നിന്നും പിൻമാറുകയും കൃഷി ആദായകരമല്ലാത്ത ഒരു ഉപജീവന മാർഗ്ഗമായി വ്യാഖ്യാനിക്കാൻ തുടങ്ങുകയും ചെയ്തു.

ഈ പശ്ചാത്തലത്തിൽ കൃഷി ലാഭകരമായ തൊഴിലായി വികസിപ്പിക്കുന്നതിലൂടെ കർഷകന് അന്തസ്സും സമൂഹത്തിൽ മാന്യമായ സ്ഥാനവും നേടികൊടുക്കാനും ഒപ്പം ഉല്പാദന വ്യവസ്ഥയുടെ സുസ്ഥിരതയിലൂടെ ഓരോ പൗരനും ആഹാരം, ജലം, ജീവനോപാധികളുടെ ലഭ്യത, ആധുനിക ജീവിത സൗകര്യങ്ങൾ എന്നിവ ഉറപ്പുവരുത്തുവാനാണ് ഒരു സംസ്ഥാന കാർഷിക വികസന നയം രൂപീകരിക്കാൻ സർക്കാർ ലക്ഷ്യമിടുന്നത്. പുതിയ തലമുറയെ കാർഷിക രംഗത്തേക്ക് ആകർഷിക്കാനും അങ്ങനെ കൃഷി - മൃഗസംരക്ഷണം - ക്ഷീര വികസന

മേഖലകളിൽ ആകർഷകവും വെല്ലുവിളികൾ നിറഞ്ഞതുമായ സംരംഭങ്ങൾ ഏറ്റെടുക്കാൻ പുതുതലമുറയെ പ്രാപ്തരാക്കാൻ ഈ നയം ലക്ഷ്യമിടുന്നു.

മുൻ എം.എൽ.എ ശ്രീ.കെ.കൃഷ്ണൻ കുട്ടി ചെയർമാനും കാർഷിക വിദഗ്ധരും, ആസൂത്രണ ബോർഡിന്റെയും കേരള കാർഷിക സർവ്വകലാശാലയുടെയും, കൃഷി മൃഗസംരക്ഷണ വകുപ്പുകളുടെയും പ്രതിനിധികളും ഉൾപ്പെട്ട സമിതിയാണ് ഈ കാർഷിക വികസന നയം രൂപപ്പെടുത്തിയത്. കർഷക തൊഴിലാളി പ്രതിനിധികളുടേയും, ജനപ്രതിനിധികളുടേയും, സമൂഹത്തിന്റെ നാനാ മേഖലകളിലുമുള്ളവരുടേയും അഭിപ്രായങ്ങൾ സ്വരൂപിച്ചാണ് കാർഷിക വികസന നയത്തിന്റെ കരട് തയ്യാറാക്കിയിട്ടുള്ളത്. കൃഷി ഭൂമി, ജല ലഭ്യത, മണ്ണിന്റെ ഉല്പാദനക്ഷമത, കാലാവസ്ഥയും പരിസ്ഥിതിയും, കർഷകരുടേയും കർഷക തൊഴിലാളികളുടെയും ക്ഷേമം, യന്ത്രവത്ക്കരണം, ശാസ്ത്ര സാങ്കേതിക-വിവര സാങ്കേതിക വിദ്യ കാർഷിക രംഗത്ത് ഉപയോഗിക്കൽ, അന്തർദേശീയ വ്യാപാര മേഖല, കർഷക ഉല്പാദക സംഘങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ, വിള ഇൻഷുറൻസ്, കാർഷിക വായ്പാ നയം, വിള സംരക്ഷണം, വളർത്തു മൃഗങ്ങളുടെ പരിപാലനം, മൃഗ ഉല്പന്നങ്ങളുടെ ഗുണ നിലവാരം, ക്ഷീര വികസനം, പൗൾട്രി വികസനം, വിത്തുകളെയും നടീൽ വസ്തുക്കളെയും സംബന്ധിക്കുന്ന വിഷയങ്ങൾ, കൃഷി ഫാമുകളുടെ നവീകരണം, മൂല്യ വർദ്ധനവും സംസ്കരണവും, കാർഷിക ബജറ്റ്, ഹൈടെക് കൃഷി, ബയോടെക്നോളജിയേയും ജനിതകതയേയും സംബന്ധിച്ച വിഷയം തുടങ്ങി കൃഷി-മൃഗ സംരക്ഷണ മേഖലകളുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും സ്പർശിച്ചു കൊണ്ടാണ് നയം രൂപപ്പെടുത്തിയിട്ടുള്ളത്.

കർഷക സമൂഹത്തിനു ഗുണകരമാകും വിധത്തിൽ കാർഷിക വികസന നയം നടപ്പിലാക്കുന്നതിൽ മുഖ്യ പങ്ക് വഹിക്കേണ്ട കൃഷി (കൃഷി - മൃഗസംരക്ഷണം) - (ക്ഷീര വികസന) വകുപ്പുകളുടെ നിലവിലുള്ള നയരേഖകളിൽ സാരമായി മാറ്റം വരുത്തുന്ന ഈ കാർഷിക വികസന നയം മന്ത്രി സഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയുണ്ടായി. 11.03.2015-ൽ കൂടിയ മന്ത്രിസഭായോഗം ചില ഭേദഗതികളോടെ ആയത് അംഗീകരിച്ചു. മന്ത്രി സഭ നിർദ്ദേശിച്ച തരത്തിൽ ഭേദഗതികൾ വരുത്തി പരാമർശം 2 ലെ കത്ത് പ്രകാരം കൃഷി ഡയറക്ടർ ലഭ്യമാക്കിയ കാർഷിക വികസന നയം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ

അടിസ്ഥാനത്തിൽ ആയത് സംസ്ഥാനത്തിന്റെ കാർഷിക വികസന നയമായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത കാർഷിക വികസന നയം അനുബന്ധമായി ചേർത്തിട്ടുണ്ട്.

മേൽ അംഗീകരിച്ച കാർഷിക വികസന നയത്തിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കുന്ന സാമ്പത്തിക ബാധ്യതയുള്ള ഓരോ പദ്ധതി നിർദ്ദേശത്തിനും സർക്കാരിന്റെ പ്രത്യേക അംഗീകാരം തേടേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സുബ്രതാ ബിശ്വാസ്,**
**കാർഷികോല്പാദന കമ്മീഷണർ.**

ഡയറക്ടർ, കൃഷി വകുപ്പ്, തിരുവനന്തപുരം. (ആവശ്യമായ പകർപ്പുകൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിലേയ്ക്കായി).
ഡയറക്ടർ, മൃഗ സംരക്ഷണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഫിഷറീസ് വകുപ്പ്, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.
പ്രിൻസിപ്പൽ കൃഷി ഓഫീസമാർ (കൃഷി ഡയറക്ടർ മുഖേന).
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (പ്രസിദ്ധപ്പെടുത്തുന്നതിനായി).
പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് ( 11.03.2015-ലെ മന്ത്രിസഭായോഗ തീരുമാനം ഇനം നമ്പർ.6103)
അഗ്രി ചീഫ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ,(എ - ഇ/ഓഡിറ്റ്), കേരളം.
(കരുതൽ ഫയൽ/ഓഫീസ് കോപ്പി).

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

***പകർപ്പ്:*** – ബഹു. പ്രധാന മന്ത്രിയുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേന്ദ്ര കൃഷി മന്ത്രാലയം, ന്യൂഡൽഹി (ആമുഖ കത്ത് സഹിതം).
കേരളത്തിലെ എല്ലാ ബഹു. എം.പി. മാർക്കും (ആമുഖ കത്ത് സഹിതം).
കേരളത്തിലെ എല്ലാ ബഹു. എം.എൽ.എ മാർക്കും (ആമുഖ കത്ത് സഹിതം).
എല്ലാ സംസ്ഥാനങ്ങളിലെ ചീഫ് സെക്രട്ടറിമാർക്കും (ആമുഖ കത്ത് സഹിതം).
ബഹു. മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
ബഹു.മത്സ്യബന്ധനവും, തുറമുഖവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
ബഹു.ക്ഷീരവികസനവും, സാംസ്കാരികവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
കാർഷികോല്പാദന കമ്മീഷണറുടെ പി.എസ് ന്
കൃഷി വകുപ്പ് സെക്രട്ടറിയുടെ പി.എസ് ന്

സെക്ഷൻ ഓഫീസർ